Volume- 08
Issue- 24
28 November 2016

എമ്മാവൂസ്

# വചനദൂത്

മംഗളവാർത്ത രണ്ടാം ഞായർ ലൂക്കാ 1:26-38

## ദൈവഹിതത്തിന് കീഴ്‌വഴങ്ങാം



Bro. Deepak Joseph MCBS

മാനവരക്ഷാ ചരിത്രത്തിലെ ഏറ്റവും സന്തോഷകരമായ സദ്വാർത്തയാണ് മംഗളവാർത്ത. നൂറ്റാണ്ടുകളായി പ്രതീക്ഷിച്ചുകാത്തിരുന്ന ദിനവും, ദൈവം മനുഷ്യനെ ഓർമ്മിച്ചതിന്റെ ദിനവും ദൈവം മനുഷ്യരോടൊത്ത് മനുഷ്യനായി ജീവിക്കാൻ തീരുമാനിച്ചിരിക്കുന്നു എന്ന സത്യം അറിയിച്ച ദിനവുമാണ് മംഗളവാർത്ത.

ദൈവപുത്രന്റെ മനുഷ്യാവതാരവാർത്തയെക്കുറിച്ച് ഗബ്രിയേൽ ദൂതൻ നൽകുന്ന മുന്നറിയിപ്പും അതിന് മറിയം നൽകുന്ന മറുപടിയാണ് മംഗളവാർത്തക്കാലം രണ്ടാം ഞായറാഴ്ച നാം ധ്യാനവിഷയമാക്കുന്നത്. ദൈവകുമാരൻ ലോകത്തിലേക്ക് വരാൻ ദൈവത്താൽ അനാദിയിൽത്തന്നെ തിരഞ്ഞെടുക്കപ്പെട്ടവളാണ് പരിശുദ്ധ കന്യാമറിയം. പിതാവിന്റെ ഹിതത്തിനും അവിടുത്തെ പുത്രന്റെ രക്ഷാകര പ്രവൃത്തിക്കും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനും തികച്ചും വിധേയയായി നിന്നുകൊണ്ട് പരിശുദ്ധ കന്യാമറിയം സഭയ്ക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും മാതൃകയായിത്തീരുകയാണ്.

മറിയം എന്ന സാധാരണ സ്ത്രീയെ ചുറ്റിപ്പറ്റിയാണ് ലൂക്കായുടെ സുവിശേഷം 1-ാം അധ്യായം 26 മുതൽ 38 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നത്. വിവാഹ നിശ്ചയം കഴിഞ്ഞ് നല്ലൊരു കുടുംബ ജീവിതം സ്വപ്നം കാണുകയായിരുന്നു മറിയം. ഇന്നത്തെ കാലഘട്ടം പോലെയല്ല അന്ന്. ഇന്ന് നമ്മുടെ നാട്ടിൽ വിവാഹ നിശ്ചയം കഴിഞ്ഞാൽ ഭാവി വധുവരന്മാർ പരസ്പരം ഫോൺ വിളിക്കുകയും കണ്ടുമുട്ടുകയും ഒക്കെ ചെയ്യുക പതിവാണ്. അങ്ങനെ അവർ തങ്ങളുടെ കുടുംബജീവിതത്തെക്കുറിച്ച് നല്ല സ്വപ്നങ്ങൾ കാണുന്നു. എന്നാൽ മാതാവിന്റെ കാലഘട്ടത്തിൽ വിവാഹം നിശ്ചയിച്ചവർ തമ്മിൽ വിവാഹത്തിന് മുമ്പ് കാണാനോ സംസാരിക്കാനോ യഹൂദനിയമം അനുവദിച്ചിരുന്നില്ല. അതുകൊണ്ട് മറിയവും വിവാഹത്തെക്കുറിച്ചും കുടുംബജീവിതത്തെക്കുറിച്ചും നല്ല സ്വപ്നങ്ങളാണ് കണ്ടിരുന്നത്.

ഇങ്ങനെ ഭാവിയിൽ തനിക്ക് ഉണ്ടാകുന്ന കുടുംബജീവിതത്തെക്കുറിച്ച് സ്പനം കണ്ടുകൊണ്ടിരിക്കുന്ന മറിയത്തിന്റെ അടുത്തേക്കാണ് തനിക്ക് ഒരു കുഞ്ഞ് ജനിക്കാൻ പോകുന്നു എന്ന മംഗളവാർത്തയുമായി ദൂതൻ കടന്നുവരിക. ഇത് എത്രമാത്രം മംഗളകരമായിരിക്കും.



മാതാവിനെപ്പോലെതന്നെ നല്ല കുടുംബജീവിതവും ഭാര്യയും കുടുംബിനിയും സ്വപ്നം കാണുന്ന യൗസേപ്പിന്റെ അടുത്തേക്കാണ് മാലാഖ മംഗളവാർത്തയുമായി കടന്നുവരുക. ദൈവത്തിന്റെ ഇട

പെടലിനാണ് പിന്നീട് മാതാവും യൗസേപ്പിതാവും സാക്ഷ്യം വഹിക്കുക. സാധാരണ ഒരു കുടുംബജീവിതം സ്വപ്നം കണ്ടിരുന്നവരാണ് മാതാവും യൗസേപ്പിതാവും. എന്നാൽ ദൈവം അവരെക്കുറിച്ച് സ്വപ്നം കാണുന്നതും ഭരമേൽപ്പിക്കുന്നതുമായ ദൗത്യം ലോകരക്ഷകന്റെ മാതാപിതാക്കളാകുക എന്നതാണ്. ഇതുപോലെ ഓരോ കുടുംബത്തെക്കുറിച്ചും ദൈവത്തിന് ഒരു സ്വപ്നമുണ്ട് എന്ന് നാം തിരിച്ചറിയണം.

മനുഷ്യന് അസാധ്യമായി ഒന്നുമില്ലെന്ന് കരുതി ലോകം കീഴടക്കാൻ പുറപ്പെട്ട നെപ്പോളിയൻ വാട്ടർലൂവിൽ പരാജയപ്പെട്ടു. മനുഷ്യന് അസാധ്യമായവയാണ് സാധ്യമായവയേക്കാൾ കൂടുതലെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. എന്നാൽ ദൈവത്തിന് അസാധ്യമായി ഒന്നുമില്ലെന്ന് മാലാഖ മറിയത്തോട് പറഞ്ഞ വചനം ലോകത്തിനു മുഴുവനുമുള്ള മംഗളവാർത്തയാണ്. മനുഷ്യൻ തന്റെ അസാധ്യത ഏറ്റു പറയുന്നിടത്താണ് ദൈവത്തിന്റെ സാധ്യത പ്രവർത്തന നിരതമാകുന്നത്. തനിക്ക് സകലതും സാധ്യമാണെന്ന് മനുഷ്യർ ചന്തിക്കുന്നിടത്തോളം കാലം ദൈവം നിസ്സാഹയനാണ്. മറിയം തന്റെ ദാസ്യം ഏറ്റു പറഞ്ഞപ്പോൾ അവളിൽ സാധ്യതയുടെ വാതിൽ തുറക്കുകയാണ്.

ഓരോ ദൈവവിളിയും അസ്വസ്ഥരാകാനുള്ള വിളി കൂടിയാണ്. ഇതുതന്നെയായിരുന്നു പരിശുദ്ധ അമ്മയുടെ ജീവിതവും. ദൂതൻ പറഞ്ഞ കാര്യങ്ങളെല്ലാം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് ഇതാ കർത്താവിന്റെ ദാസി നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ എന്ന് സന്തോഷപൂർവ്വം സ്വീകരിച്ചപ്പോൾ അവൾ ലോകരക്ഷകന്റെ അമ്മയായി മാറുകയാണ്. ആരോഗ്യവതികളും സൗന്ദര്യവതികളുമായിരുന്ന വി. കൊച്ചുത്രേസ്യായും വി. അൽഫോൻസാമ്മയും ദൈവവിളി കിട്ടിയനാൾ മുതൽ സഹനത്തിന്റെ തീച്ചൂളയിൽ ഉരുകിത്തീർന്നവരാണ്. ദൈവവിളി സമ്മാനിച്ച അസ്വസ്ഥതയെ ദൈവഹിതമാക്കി സന്തോഷപൂർവ്വം സ്വീകരിച്ചപ്പോൾ അവർ വിശുദ്ധരായി. മറിയത്തിന്റെ ജീവിതത്തിന്റെ അന്തസത്തയെന്നത് ദൈവഹിതത്തോടുള്ള സഹകരണമാണ്. ഓരോ ക്രൈസ്തവ ജീവിതത്തിന്റെയും അന്തസത്ത ഇതുതന്നെയാണ്. ഓരോ ക്രിസ്ത്യാനിയും വിളിക്കപ്പെട്ടിരിക്കുന്നത് നന്മ ചെയ്യുന്നതിനേക്കാളുപരി ദൈവഹിതം നിറവേറ്റാനാണെന്ന് വി. അൽഫോൻസ് ലിഗോരി നമ്മെ പഠിപ്പിക്കുന്നുണ്ട്. ജീവിതം സഹനത്തിന്റെയും ത്യാഗത്തിന്റേയും വേദനയുടെയും വഴി കൂടിയാണ്. മംഗളവാർത്തയുടെ സമയം മുതൽ ദൈവിക സന്ദേശത്തിൽ വിശ്വസിച്ചുകൊണ്ട് രക്ഷകനെ ശ്രവിക്കാനും നമ്മുടെ ജീവിതത്തെ നവീകരിച്ച് പവിത്രീകരിക്കുന്ന ദൈവവചനത്തെ അവനിൽ കണ്ടെത്താനും മറിയം നമ്മെ പഠിപ്പിക്കുന്നു. പ്രസിദ്ധ ജർമ്മൻ ദൈവശാസ്ത്രജ്ഞനായ കാൾ റാണർ പറഞ്ഞു വയ്ക്കും ''മറിയം നൽകുന്നത് തന്റെ ഉള്ളും ഉള്ളതും ആത്മാവും ശരീരവുമാണ്'' എന്ന്. അത് അവളെ ഭാഗ്യവതിയാക്കി. ജോബ് 23, 10-ൽ പറയുന്നു: ''എന്റെ വഴി അവിടുന്നറിയുന്നു അവിടുന്ന് എന്നെ പരീക്ഷിച്ച് കഴിയുമ്പോൾ ഞാൻ സ്വർണ്ണം പോലെ പ്രകാശിക്കും.'' ഫിലിപ്പി 8, 16-ൽ നാം കാണുന്നു, ''ഞാൻ ഓടിയതും അധ്വാനിച്ചതും വ്യർത്ഥമായില്ലെന്ന് ക്രിസ്തുവിന്റെ ദിനത്തിൽ എനിക്കഭിമാനിക്കാം.''

നമ്മുടെ ദൈനംദിനം ജീവിതത്തിൽ വചനത്തോട് കൂറ് പുലർത്തി ജീവിക്കാൻ നമുക്കാവണം. പകലന്തിയോളം അടുക്കളഭിത്തിക്കുള്ളിൽ കഴിയുന്ന അമ്മമാരും ജീവിതത്തിന്റെ രണ്ടറ്റങ്ങൾ കൂട്ടിമുട്ടിക്കാൻ കഷ്ടപ്പെടുന്ന അപ്പച്ചന്മാരും വൃദ്ധരായ മാതാപിതാക്കൾക്ക് താങ്ങും തണലുമാകുന്ന മക്കളും വചനത്തിനായി ജീവിതത്തെ വിട്ടുകൊടുക്കുന്നതിന്റെ ഉദാഹരണമാണ്. വിവാഹജീവിതവും സന്യാസ്ത ജീവിതവും ഇടയനോടൊപ്പമുള്ള ഇടവകാ ജീവിതവും ക്രൈസ്തവമാണെങ്കിൽ അവയെ ദൈവഹിതത്തിനായി വിട്ടുകൊടുക്കണം. അതിനുള്ള കൃപയ്ക്കായി നമുക്ക് പ്രാർത്ഥിക്കാം.

